# കേരള സർക്കാർ
## ജലവിഭവ വകുപ്പ് (ചെറുകിട ജലസേചന വിഭാഗം)
## പുനർദർഘാസ് പരസ്യം

ഡി.2. ടി.എൻ-510/14 | തീയതി, 4/6/2018

കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേരെഴുതി മുദ്ര വെച്ച മത്സര സ്വഭാവമുള്ള ദർഘാസുകൾ തപാലിൽ സ്പീഡ് പോസ്റ്റ് ആയി മാത്രം ക്ഷണിച്ചുകൊള്ളുന്നു. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ഈ വകുപ്പ് ഉത്തരവാദിയാകുന്നതല്ല. ടി ദർഘാസുകൾ താഴെ പറയുന്ന ദിവസം 3.00 വരെ സ്വീകരിക്കുകയും അന്നേ ദിവസം 3.30 പി.എം. ന് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ തൽസമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്തുള്ള പ്രവൃത്തി ദിവസം ദർഘാസുകൾ പരിഗണിയ്ക്കുന്നതാണ്. ദർഘാസിന്റെ കാലാവധി അത് സ്വീകരിയ്ക്കുന്ന തീയതി മുതൽ 2 മാസം വരെ ആയിരിക്കും. ദർഘാസ് ഫോറങ്ങളുടെ വിൽപ്പനയും ദർഘാസ് തപാലിൽ സ്വീകരിയ്ക്കുന്നതും തുറക്കുന്നതുമായ തീയതികളും താഴെ കാണിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

| ക്രമ നം. | ദർഘാസ് നം | പ്രവൃത്തിയുടെ പേര്/അടങ്കൽ തുക | നിരത ദ്രവ്യം രൂപ | ഫാറത്തിന്റെ വില രൂപ | കരാറുകാരന്റെ കുറഞ്ഞ യോഗ്യത | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 02 /ഇഇ/ എം. ഐ/ തൃശ്ശൂർ/ 2017-18 | പാലാഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനുകളുടെ അടിയന്തിര അറ്റകുറ്റ പണികൾ (ഇലക്ട്രിക്കൽ കരാറുകാരിൽ നിന്ന് മാത്രം) (**Rs. 447513 /**) | **Rs.** 11200/ | **Rs. 940 + GST 12%** | സി.ക്ലാസ്സും അതിനു മുകളിലും | 45 ദിവസം |
| 2 | 03 /ഇഇ/ എം. ഐ/ തൃശ്ശൂർ/ 2017-18 | ചെങ്ങാലൂർ മനക്കലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സി ടി പി ടി യൂണിറ്റ്, ടി ഒ ഡി മീറ്റർ എന്നിവയുടെ നവീകരണവും എച്ച് ടി ഇൻസ്റ്റലേഷന്റെ അറ്റകുറ്റ പണികളും(ഇലക്ട്രിക്കൽ കരാറുകാരിൽ നിന്ന് മാത്രം) (**Rs. 298143 /**) | **Rs.** 7500/ | **Rs. 630 + GST 12%** | സി.ക്ലാസ്സും അതിനു മുകളിലും ( എച്ച് ടി ലൈസൻസ് ഉണ്ടായിരിക്കണം) | 30 ദിവസം |

ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന തീയതിയും സമയവും : 13 -06-2018 ഉച്ചയ്ക്ക് 1 മണി വരെ

പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങൾസ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 20-06-2018 ഉച്ചതിരിഞ്ഞ് 3.30 മണി വരെ

ദർഘാസ് തുറക്കുന്ന തീയതി : 20-06-2018 ഉച്ചതിരിഞ്ഞ് 4.00 മണിക്ക്.

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡിവിഷൻ : മൈനർ ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ

ദർഘാസ് ഫോറം വാങ്ങാൻ ആഗ്രഹിക്കുന്ന കരാറുകാർ തൃശ്ശൂർ മൈനർ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുള്ള അപേക്ഷയോടൊപ്പം, താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ട് ഹെഡിൽ, ട്രഷറിയിൽ അടച്ച, രണ്ട് ചലാനുകൾ കൂടി അടക്കം ചെയ്യേണ്ടതാണ്.

| <u>അക്കൗണ്ട് ഹെഡ്</u> | <u>ആവശ്യം</u> |
|---|---|
| 1. 0702-01-800-97-00-00-0-NV(റവന്യൂ ഹെഡ്) | ദർഘാസ് ഫോറത്തിന്റെ വില |
| 2. 8658-00-102-96- other Miscellaneous items | GST - 12% |

ദർഘാസ് പ്രമാണവും മറ്റു വിശദ വിവരങ്ങളും താഴെ ഒപ്പുവെച്ചിരിക്കുന്ന ഓഫീസറുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതാകുന്നു. ദർഘാസുകളോടൊപ്പം 200 രൂപയുടെ (ഇരുന്നൂറ് രൂപ) മുദ്രപത്രത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയ പ്രാഥമിക ഉടമ്പടി ഒപ്പിട്ടു അടക്കം ചെയ്യേണ്ടതാണ്. നിരതദ്രവ്യം തൃശ്ശൂർ മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതുസമയത്തും മാറത്തക്കവിധത്തിൽ അധികാരപ്പെടുത്തിയതുമായിരിക്കണം. ശരിയായ വിധത്തിലുള്ള പ്രാഥമിക ഉടമ്പടി യഥാക്രമം പൂരിപ്പിച്ച് അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടി വെക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്.

1991 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചിലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകുവാൻ ബാധ്യസ്ഥനാണ്.

കേരള പൊതുമരാമത്ത് / ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

കരാറുകാർ പിൻ കോഡ് നമ്പർ ഉൾപ്പെടെയുള്ള അഡ്രസ്സ് രേഖപ്പെടുത്തേണ്ടതാണ്.
ചെറുകിട ജലസേചന വിഭാഗം

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
തൃശ്ശൂർ - 20

എക്സിക്യൂട്ടീവ് എഞ്ചിനീയർ
കേരള ഗവർണ്ണർക്കുവേണ്ടി.

പകർപ്പ് ഈ കാര്യാലയത്തിലെ JS I, JS II, HD, DA, PA എന്നിവർക്ക്

തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്-എഞ്ചിനീയർമാർക്കും അയയ്ക്കുന്നു.